

ശിവദാസൻ എ.കെ

# ഹൃദയത്തിൽ പ്രതിഭയുടെ കൈയ്യൊപ്പ്



പ്രശസ്ത അമേരിക്കൻ കവിയായ റാൽഫ് വാൽഡോ എമേഴ്സൻ തന്റെ Each and all എന്ന കവിതയിൽ ഓരോ വസ്തുവും മനോഹരവും, പൂർണ്ണവുമാകുന്നത് അത് എവിടെയാണോ യഥാർത്ഥത്തിൽ ഇരിക്കേണ്ടത് അപ്പോൾ മാത്രമാണെന്ന് പ്രസ്താവിക്കുന്നുണ്ട്. വധൂവരൻമാർ എത്ര പോരായ്മകളുള്ളവരായാലും വിവാഹനാളിലെ പ്രധാന ശ്രദ്ധാകേന്ദ്രം അവരായിരിക്കും. അല്ലെങ്കിൽ അവർക്കന്നു കിട്ടുന്ന പ്രാധാന്യം പിന്നീടൊരിക്കലും കിട്ടിയില്ല എന്നും വരാം. പ്രകൃതി അതിന്റെ സ്വതസിദ്ധമായ രചനാപാടവം ഉപയോഗിച്ച് ചേരേണ്ടതിനെ ചേർത്തു വച്ചിരിക്കുന്നു. വ്യക്തികൾ സൗന്ദര്യബോധമില്ലാതെ അവയെ അടർത്തിമാറ്റുമ്പോൾ മാത്രമാണ് വൈരൂപ്യം പ്രകടമാകുന്നത്. ഓരോ വസ്തുവും തന്റെ സ്വതസിദ്ധമായ കഴിവുകൾ കൊണ്ട് അനുഗ്രഹീതമാണ്. പക്ഷേ, അതുകണ്ടെത്താൻ പലർക്കും കഴിയുന്നില്ല. സമൂഹത്തിന്റെ പല ശാഠ്യങ്ങളും അവരെ അതിൽ നിന്ന് തടയുന്നു.സത്യത്തിൽ ഭൂരിഭാഗം പേരും അവനനവനു വേണ്ടിയല്ല സമൂഹത്തിനു വേണ്ടിയാണ് ജീവിക്കുന്നത്. മതം,സംസ്കാരം,അനുഷ്ഠാനങ്ങൾ,അധികാരം ഇവയ്ക്കെല്ലാം വേണ്ടി അയാളൊരു ബലിയാവുകയാണ്. സമൂഹത്തിന്റെ നിയമങ്ങളനുസരിക്കാത്ത അരാജകവാദികളെക്കുറിച്ചല്ല പറഞ്ഞു വരുന്നത്. പക്ഷേ, അതത് കാലത്തെ പൊതു നിയമങ്ങൾക്ക് എതിരു നിന്ന അരാജകവാദികളായിരുന്നു പല മഹാൻമാരും എന്നത് മറ്റൊരു സത്യം.

സമൂഹത്തിൽ നിന്ന് പൂർണ്ണമായും അകന്ന് ഒരു ജീവിതം ആർക്കും തന്നെ സാധ്യമാകണമെന്നില്ല. പക്ഷേ, തനിക്ക് തന്നെ കണ്ടെത്താൻ വിഘാതമായേക്കാവുന്ന ബന്ധനങ്ങൾ അയാൾ പൊട്ടിച്ചെറിയുക തന്നെ വേണം. ലോട്ടറിയടിക്കാത്തതിനാൽ ഭാഗ്യമില്ലാത്തവരായിപ്പോയി എന്ന് പരിതപിക്കുന്ന നിരവധി പേരെ നമുക്ക് ചുറ്റിലും കാണാം. ജീവിതം അയാൾക്ക് വച്ചു നീട്ടിയ നിരവധി സൗഭാഗ്യങ്ങളെ മറന്നുകൊണ്ട് ലോട്ടറിയടിച്ചാൽ മാത്രമാണ് ഭാഗ്യം എന്നയാൾ ധരിച്ചു വെയ്ക്കുന്നു. എത്ര നല്ല ജോലിയിലും ആ ജോലിയുടെ പോരായ്മകൾ മാത്രം ചൂണ്ടിക്കാണിച്ച് നിരാശരാകുന്നവരുണ്ട്. തനിക്ക് പാകമാകാത്ത ഒരുടുപ്പ് ധരിച്ച പോലെയാണത്. ആ ഉടുപ്പ് അയാൾ സമൂഹത്തിനു വേണ്ടി ധരിച്ചതാണ്. അയാൾക്ക് വേണ്ടിയല്ല.ഒരാളുടെ അധികാരമോ പണമോ പോലും അയാൾക്ക് ആത്യന്തികമായി സന്തോഷം പ്രധാനം ചെയ്യുന്നില്ലായെങ്കിൽ അതിനെന്ത് പ്രയോജനമാണുള്ളത്.

മഹാൻമാരായ മനുഷ്യസ്നേഹികളാരും സ്വന്തം ജീവിതത്തെ പഴിച്ചിട്ടില്ല. മഹാത്മാഗാന്ധി താനൊരിക്കലും മറ്റൊരാളായെങ്കിൽ എന്ന് ആശിച്ചതായി കേട്ടിട്ടില്ല. ചേരിയിലും അനാഥർക്കിടയിലും ജീവിച്ചുമരിച്ച മദർതെരേസ താൻ മറ്റൊരാളായെങ്കിൽ ഇതൊന്നും വേണ്ടിയിരുന്നില്ലല്ലോ എന്ന് പരിതപിച്ചിട്ടില്ല. പ്രതിഭകളായി ജീവിച്ചു മറഞ്ഞവർ, സ്വന്തം ജീവിതത്തെ പഴിക്കാറില്ല. അവർ അവരെ സ്വയം കണ്ടെത്തിയതാണ്. അവർ അവർക്കുവേണ്ടിത്തന്നെയാണ് ജീവിച്ചത്.സമൂഹത്തെ ബോദ്ധ്യപ്പെടുത്താനല്ല. അതിലൂടെ വിളഞ്ഞത് നിസ്വാർത്ഥതയാണെന്നോർക്കണം. സ്വയം സ്നേഹിക്കാതെ നമുക്ക് ചുറ്റുപാടുകളെ സ്നേഹിക്കാനാകുകയില്ല. ഓരോ മനുഷ്യനും ഉള്ളിന്റെ ഉള്ളിൽ ഓരോ പ്രതിഭകളാണ്.ഹൃദയത്തിൽ പ്രതിഭയുടെ കൈയ്യൊപ്പുള്ളവർ.പാകമാകാത്ത ഉടുപ്പുകളണിഞ്ഞ് സമൂഹത്തെ ബോധ്യപ്പെടുത്താൻ കഷ്ടപ്പെടുന്നതിനെക്കാൾ എത്രയോ ഭേദമാണ് നമുക്ക് യോജിച്ചത് തെരഞ്ഞെടുത്ത് സന്തോഷത്തോടെയിരിക്കുക എന്നത്.